"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 15.03.2025

# പണാപഹരണം നടത്തിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറെ കഠിന തടവിന് ശിക്ഷിച്ചു.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ മുൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും എ.ഡി.എസ്-ന്റെ മെമ്പർ സെക്രട്ടറിയുടെ ചുമതലയും വഹിച്ചിരുന്ന ഭരതൻ 4,12,804/-രൂപ പണാപഹരണം നടത്തിയതിന് പാലക്കാട് വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസ്സിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തി നാലര വർഷം കഠിന തടവിനും നാല് ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (15.03.2025) തൃശ്ശൂർ വിജിലൻസ് കോടതി ശിക്ഷിച്ചു.

2006-2007 കാലഘട്ടത്തിൽ ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിലെ മുൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും, എ.ഡി.എസ്-ന്റെ മെമ്പർ സെക്രട്ടറിയുമായി പ്രവർത്തിയെടുത്തു വന്നിരുന്ന ഭരതൻ ചെക്കുകൾ, ക്യാഷ് ബുക്ക്, വർക്ക് ഫയൽ എന്നിവയിൽ കൃത്രിമം കാണിച്ച് എ.ഡി.എസ്-ന്റെയും സി.ഡി.എസ്-ന്റെയും അക്കൗണ്ടുകളിൽ നിന്ന് അനധികൃതമായി 4,12,804/-രൂപ പണാപഹരണം നടത്തിയതിന് പാലക്കാട് വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ ഭരതൻ കുറ്റക്കാരനാണെന്ന് കണ്ടെത്തി ശിക്ഷിച്ചത്. വിവിധ വകുപ്പുകളിലായി ആകെ നാലര വർഷം കഠിന തടവിനും 4,00,000/-രൂപ പിഴ ഒടുക്കുന്നതിനുമാണ് തൃശ്ശൂർ വിജിലൻസ് കോടതി ഇന്ന് (15.03.2025) ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. ജി.അനിൽ അണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. അരുൺനാഥ്.എസ് ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.